കെ.എ.പി. 5	25.7.97	24.7.2000

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്

41(1514)ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള നിയമനത്തിനായി വിവിധ ജില്ലകളിൽ പി.എസ്.സി.റാങ്ക് ലിസ്റ്റ് അവസാനം പ്രസിദ്ധീകരിച്ചത് എതു വർഷമാണ്; പ്രസ്തുത ലിസ്റ്റുകളിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ ഓരോ ജില്ലയിലും നിയമനം ലഭിക്കാൻ ഇനി എത്രപേർ വീതം ലിസ്റ്റിൽ ശേഷിക്കുന്നുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) നിയമനം ലഭിക്കാനായി ലിസ്റ്റിൽ ശേഷിക്കുന്നവർക്കെല്ലാം തന്നെ ഇനി അപേക്ഷിക്കാനാവാത്തവിധം പ്രായപരിധി കഴിഞ്ഞവരായതു കൊണ്ട് മുഴുവൻപേർക്കും നിയമനം നൽകണമെന്നഭ്യർത്ഥിച്ച് സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

(ഡി) ലിസ്റ്റിലുള്ളവരുടെ അഭ്യർത്ഥന മാനിച്ച് ശേഷിക്കുന്ന എല്ലാ പേർക്കും നിയമനം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) വിവിധ ബറ്റാലിയനുകളിൽ കോൺസ്റ്റബിൾമാരെ നിയമിക്കുവാൻ 1997 ജൂലൈ മാസത്തിലാണ് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചത്. പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും വിവിധ ബറ്റാലിയനുകളിൽ 31.12.99 വരെ നിയമിക്കപ്പെട്ടവരുടെ ബറ്റാലിയൻ തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

കെ.എ.പി. 1	-	992
കെ.എ.പി. 2	-	884
കെ.എ.പി. 3	-	977
കെ.എ.പി. 4	-	824
കെ.എ.പി. 5	-	570
എസ്.എ.പി.	-	1331
എം.എസ്.പി.	-	1157

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി)&(ഡി) റാങ്ക് ലിസ്റ്റ് നിലവിലുള്ള ബറ്റാലിയനുകളിലെ പോലീസ് കോൺസ്റ്റബിൾമാരുടെ സ്ഥിരം ഒഴിവുകളുടെ എണ്ണം കണക്കാക്കി മാത്രമേ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ സാധിക്കുകയുള്ളൂ. റാങ്ക് ലിസ്റ്റ് നിലവിലുള്ള ബറ്റാലിയനുകളെ പോലീസ് കോൺസ്റ്റബിൾമാരുടെ 31.12.99

LIBRARY ARCHIVES Kerala Legislative Assembly

വരെയുണ്ടായിരുന്ന 1066 സ്ഥിരം ഒഴിവുകൾ ഇതിനകംതന്നെ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട് 1.1.2000 മുതൽ ഇതുവരെയുള്ള ഒഴിവുകൾകൂടി ഉടനടി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു.

ഫയർ സർവ്വീസിലെ ഡ്രൈവർ കം-പമ്പ് ഓപ്പറേറ്റർ

43(1516)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഫയർ സർവ്വീസിൽ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നു വെളിപ്പെടുത്തുമോ;

(സി) ഇതിൽ നിന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ ഒഴിവുകളുണ്ടായിട്ടും അവ റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എത്രയും വേഗം മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്ത് പരമാവധി നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10.3.2000-ൽ.

(സി) 174 പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷെ നിജസ്ഥിതി അതല്ല. ഒഴിവുകൾ യഥാസമയം തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട്ചെയ്തിട്ടുണ്ട്.

(ഇ) ഇനി മുഴുവൻ ഒഴിവുകളും കണക്കിലെടുത്ത് 52 പേരെ കൂടി അഡ്വൈസ് ചെയ്യുന്നതിനുവേണ്ടി പി.എസ്.സി.യോട് ശുപാർശ ചെയ്തിട്ടുണ്ട്.

മിൽമയിലെ നിയമനങ്ങൾ

44(1518) ശ്രീ.എ.കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ച കൂട്ടത്തിൽ മിൽമയിലെ നിയമനങ്ങളും പി.എസ്.സി.യെ ഏൽപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മിൽമ ഒഴിവുള്ള തസ്തികകളെ സംബന്ധിച്ച് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) മിൽമയിലെ വിവിധ തസ്തികളിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതെ നേരിട്ടുള്ള നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly